ഭരണഭാഷ - മാതൃഭാഷ



| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |



**നം: ഡിബി6/11474/2021/സിഇ/തസ്വഭവ** **തീയതി:06.12.2021**

## സർക്കുലർ

വിഷയം : LID & EW- തസ്വഭവ- വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ ഓഫീസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ- സംബന്ധിച്ച്.

സൂചന : 1) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 10/09/21 തീയതിയിലെ Insp Tech-1/250/2021-Fin നമ്പർ കത്ത്.

2) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 24/10/21 തീയതിയിലെ Insp Tech-1/250/2021-Fin നമ്പർ കത്ത്.

3) ധനകാര്യവകുപ്പിന്റെ സർക്കുലർ നമ്പർ 24/2020/Fin തീയതി. 11/05/2020.

ചീഫ് ടെക്നിക്കൽ എക്സാമിനർ സാങ്കേതിക വിഭാഗത്തിലെ കാര്യാലയങ്ങളിൽ നടത്തിയ പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും, ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന (1)& (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. ആയതിനാൽ ചുവടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു.

1) സർക്കുലർ നം. 24/2020/ഫിൻ, തീയതി. 11/05/2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പാലിക്കേണ്ടതാണ്.

2) KPWD Manual appendix 2000B പ്രകാരം ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3) KPWD Manual clause 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് issue ചെയ്യേണ്ടതും ആയതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതുമാണ്.

4) KPWD Manual Appendix- 2200B പ്രകാരം material collection register തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

5) PRICE Software-ൽ നിന്നുള്ള TS register-ന്റെ പ്രിന്റൗട്ട് ഉപയോഗിച്ച് TS register തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ സാങ്കേതികാനുമതി

നൽകുമ്പോൾ PWD Manual Clause 1801.13 ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് അതാത് പ്രവൃത്തികളുടെ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

7) Time of Completion മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ്, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ